മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഇല്ല

(ബി) സർക്കാർ പ്രശ്നങ്ങളിൽ നിയമാനുസൃത നടപടി സ്വീകരിച്ചു.

(സി) ഉണ്ട്.

(ഡി) നിയമ വിരുദ്ധപ്രവർത്തനങ്ങൾക്കും അക്രമങ്ങൾക്കും എതിരെ നിയമ നടപടി സ്വീകരിക്കുകയാണ് സർക്കാരിന്റെ ചുമതല. നിയമ ലംഘനങ്ങളുണ്ടാകുമ്പോൾ വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സർക്കാർ സ്വീകരിക്കും.

മുല്ലപ്പെരിയാർ നദീജല ചർച്ച

30 (*30) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി:
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ പദ്ധതിയെ സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിലുള്ള കരാറിന്റെ കാലാവധി അവസാനിച്ചിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി)ഉണ്ടെങ്കിൽ ഈ കരാർ പുതുക്കുന്നതിനു പരിപാടിയുണ്ടോ എന്ന് വിശദമാക്കാമോ ; മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലം പരിശോധിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) മുല്ലപ്പെരിയാർ നദീജലം സംബന്ധിച്ച് കേരളം- തമിഴ്നാട് സർക്കാരുമായി അടുത്തകാലത്ത് നടത്തിയ ചർച്ചകളുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഇത് സംബന്ധിച്ച് ഈ സർക്കാർ നിലവിൽ വന്നശേഷം മുഖ്യമന്ത്രി തലത്തിൽ എത്ര തവണ ചർച്ചകൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) തിരുവനന്തപുരത്തും ന്യൂ ഡൽഹിയിലും വച്ചു നടന്ന മുഖ്യമന്ത്രിതല ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(എഫ്) ഈ ചർച്ചകളിൽ കേരളത്തെ പ്രതിനിധീകരിച്ചു കൊണ്ട് ആരൊക്കെയാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കാമോ ;

(ജി) ന്യൂഡൽഹിയിൽ നടന്ന ചർച്ചയിൽ മുല്ലപ്പെരിയാർ നദീജലം പങ്കുവയ്ക്കുന്നതിനു വേണ്ടി ഒരു സാങ്കേതിക സമിതിയെ നിയമിക്കുന്നതിനു തീരുമാനമെടുത്തിട്ടുണ്ടോ ; സമിതിയുടെ പരിശോധനാ വിഷയങ്ങൾ എന്തൊക്കെയാണ് ; ആരൊക്കെയാണ് സമിതി അംഗങ്ങൾ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ചർച്ചയിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) തിരുവനന്തപുരത്തും ന്യൂ ഡൽഹിയിലും വച്ചു നടന്ന ചർച്ചകളിൽ തമിഴ്നാട് സർക്കാരിന്റെ ആവശ്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ജെ) ചർച്ചയിൽ കേരളത്തിന്റെ നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(കെ) മുല്ലപ്പെരിയാർ ഡാമിന് മതിയായ ബലമുണ്ടെന്ന് തെളിഞ്ഞാൽ ജല നിരപ്പ് ഉയർത്തുന്നത് കേരളത്തിന് എതിർപ്പില്ലെന്ന് മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടോ ;

(എൽ) എങ്കിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്കെതിരായ ഈ നിർദ്ദേശം പിൻവലിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാവുമോ ;

(എം) വിദഗ്ദ്ധ സമിതി അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എൻ) സംസ്ഥാനങ്ങൾ തമ്മിൽ നിലനിൽക്കുന്ന നദീജല തർക്കങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി ഒരു സമഗ്ര ജലനയം രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ &ബി) 1886-ലെ പെരിയാർ പാട്ടക്കരാറിന്റെ കാലാവധി 999 വർഷമായതിനാൽ കാലാവധി അവസാനിച്ചിട്ടില്ല. 19-05-2000-ൽ കേന്ദ്രജലവിഭവ വകുപ്പുമന്ത്രി മുല്ലപ്പെരിയാറിലെ ജലനിരപ്പുയർത്തുന്നത് സംബന്ധിച്ച് വിളിച്ചു ചേർത്ത യോഗത്തിൽ കേരളം, തമിഴ്നാട് സംസ്ഥാനങ്ങളിലേയും സെൻട്രൽ വാട്ടർ കമ്മീഷനിലെയും എൻജിനീയർമാരുടെ ഒരു കമ്മിറ്റി ഡാമിന്റെ സുരക്ഷയും ബലപ്പെടുത്തൽ ജോലികളുടെ അവസ്ഥയും പരിശോധിക്കാൻ നിർദ്ദേശമുണ്ടായി.

(സി) മുല്ലപ്പെരിയാറിലെ ജലനിരപ്പുയർത്തുന്നതുമായി ബന്ധപ്പെട്ട് കേരളം-തമിഴ്നാട് സർക്കാരുകൾ അടുത്തകാലത്ത് 13-08-1998-ലും 5-4-2000-ലും ചർച്ച നടത്തുകയുണ്ടായി. 13-8-1998-ൽ നടത്തിയ മന്ത്രിതല ചർച്ചയിൽ ഇരു സംസ്ഥാനങ്ങളും ഓരോ സാങ്കേതിക കമ്മിറ്റികൾ ഡാമിന്റെ സുരക്ഷയെക്കുറിച്ച് പഠിക്കാനായി രൂപീകരിക്കണമെന്ന് തീരുമാനിച്ചു. ഇരു സംസ്ഥാനങ്ങളും രൂപീകരിച്ച കമ്മിറ്റികൾ അതിന്റെ റിപ്പോർട്ടുകൾ 28-1-2000-ൽ പരസ്പരം കൈമാറി. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം 5-4-2000-ൽ മുഖ്യമന്ത്രിതലത്തിൽ ചേർന്ന യോഗത്തിൽ കേരള-തമിഴ്നാട് മുഖ്യമന്ത്രിമാർ, മന്ത്രിമാർ, ചീഫ് സെക്രട്ടറിമാർ അടക്കമുള്ള ഉദ്യോഗസ്ഥന്മാർ, എന്നിവർ പങ്കെടുത്തെങ്കിലും യോജിച്ച തീരുമാനങ്ങളൊന്നും എടുക്കാനാകാതെ പിരിയുകയായിരുന്നു. തുടർന്ന് 19-5-2000-ൽ കേന്ദ്രജലവിഭവ മന്ത്രിയുടെ അധ്യക്ഷതയിൽ ഇരുസംസ്ഥാന മുഖ്യമന്ത്രിമാരുമായി ഇക്കാര്യത്തിൽ ഒരു ചർച്ചയും നടന്നു. ഈ ചർച്ചയിൽ കേരള-തമിഴ്നാട് സംസ്ഥാനങ്ങളിലെയും സെൻട്രൽ വാട്ടർ കമ്മീഷനിലെയും എൻജിനീയർമാരുടെ ഒരു കമ്മിറ്റി, ഡാമിന്റെ സുരക്ഷ വിലയിരുത്താനായി രൂപീകരിക്കാൻ നിർദ്ദേശിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ വന്നശേഷം മുഖ്യമന്ത്രിതലത്തിൽ 5-4-2000-ൽ ഒരു ചർച്ചയും 19-5-2000-ൽ കേന്ദ്രജലവിഭവമന്ത്രി വിളിച്ചു ചേർത്ത മുഖ്യമന്ത്രിമാരുടെ ഒരു ചർച്ചയും നടക്കുകയുണ്ടായി.

(ഇ) 5-4-2000-ൽ തിരുവനന്തപുരത്ത് വച്ചു നടന്ന മുഖ്യമന്ത്രിതല ചർച്ച തീരുമാനത്തിലെത്താതെ പിരിയുകയായിരുന്നു. 19-5-2000-ൽ കേന്ദ്ര ജലവിഭവ മന്ത്രി വിളിച്ചുചേർത്ത ചർച്ചയിൽ ഇരുസംസ്ഥാനങ്ങളിലേയും സെൻട്രൽ വാട്ടർ കമ്മീഷനിലേയും എൻജിനീയർമാരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശമുണ്ടായി. ഇതിനുള്ള നടപടികൾ പൂർത്തികരിച്ചിട്ടില്ല.

(എഫ്) 5-4-2000-ൽ നടന്ന ചർച്ചയിൽ താഴെ പറയുന്നവർ പങ്കെടുത്തു.

1. മുഖ്യമന്ത്രി
2. ജലസേചനവകുപ്പു മന്ത്രി
3. ഭക്ഷ്യ-ടൂറിസം-നിയമവകുപ്പുമന്ത്രി
4. ധനകാര്യ വകുപ്പുമന്ത്രി
5. പൊതുമരാമത്ത് വകുപ്പുമന്ത്രി
6. വൈദ്യുതി-സഹകരണ വകുപ്പുമന്ത്രി
7. ചീഫ് സെക്രട്ടറി
8. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
9. പ്രിൻസിപ്പൽ സെക്രട്ടറി, വനം
10. ചെയർമാൻ, കെ.എസ്.ഇ.ബി.
11. നിയമ വകുപ്പ് സെക്രട്ടറി
12. റവന്യൂ വകുപ്പ് സെക്രട്ടറി
13. ജലസേചനവകുപ്പ് സെക്രട്ടറി
14. ചീഫ് എൻജിനീയർ, ജലസേചനവും ഭരണവും
15. ചീഫ് എൻജിനീയർ, അന്തർ സംസ്ഥാന നദീജലം
16. ചീഫ് എൻജിനീയർ, ഐ.ഡി.ആർ.ബി.
17. ചീഫ് എൻജിനീയർ, പ്രൊജക്ട് -2
18. ശ്രീ. എം. കെ. പരമേശ്വരൻ നായർ, മുൻ ടെക്നിക്കൽ മെമ്പർ, കെ.എസ്.ഇ.ബി

19-5-2000-ൽ നടന്ന ഡൽഹി ചർച്ചയിൽ കേരളത്തിൽ നിന്ന് പങ്കെടുത്തവരുടെ പേരുകൾ താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. മുഖ്യമന്ത്രി
2. ഭക്ഷ്യ വകുപ്പുമന്ത്രി
3. ജലസേചന വകുപ്പുമന്ത്രി
4. ജലസേചന വകുപ്പു സെക്രട്ടറി
5. ചീഫ് എൻജിനീയർ, അന്തർ സംസ്ഥാന നദീജലം
6. ശ്രീ. എം. കെ. പരമേശ്വരൻ നായർ, മുൻ ടെക്നിക്കൽ മെമ്പർ, കെ.എസ്.ഇ.ബി
7. ശ്രീ. പി. കൃഷ്ണൻ, ന്യൂ ഡൽഹി കാവേരി സെൽ സൂപ്രണ്ടിംഗ് എൻജിനീയർ

(ജി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ വിലയിരുത്തുന്നതിന് ഒരു സാങ്കേതിക സമിതിയെ നിയോഗിക്കാൻ 19-5-2000-ൽ ഡൽഹിയിൽ ചേർന്ന യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി. സമിതിയുടെ അംഗങ്ങളേയോ പരിശോധന വിഷയമോ തീരുമാനിച്ചിട്ടില്ല.

(എച്ച്) ഇല്ല. കേരളത്തിലെയും തമിഴ്നാട്ടിലെയും വിദഗ്ദ്ധരടങ്ങുന്ന ഒരു ജോയിന്റ് കമ്മിറ്റി വേണമെന്ന് കേരളത്തിന്റെ നിർദ്ദേശമായിരുന്നു. അന്തിമ നിർദ്ദേശവും ഏകദേശം ഇതിനനുസൃതമായിരുന്നു.

(ഐ) മുല്ലപ്പെരിയാർ ഡാമിലെ ജലവിതാനം ഇപ്പോഴത്തെ 136 അടിയിൽ നിന്നും ഘട്ടംഘട്ടമായി 152 അടിയിലേയ്ക്ക് ഉയർത്താൻ അനുവദിക്കണം എന്നതായിരുന്നു ഈ രണ്ട് ചർച്ചകളിലും തമിഴ്നാടിന്റെ ആവശ്യം.

(ജെ) യാതൊരു കാരണവശാലും ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർത്താൻ അനുവദിക്കില്ല എന്നതായിരുന്നു കേരളത്തിന്റെ നിലപാട്.

(കെ) ഇല്ല.

(എൽ) ഉദിക്കുന്നില്ല.

(എം) 19-5-2000-ൽ ഡൽഹിയിൽ വച്ചു നടന്ന ചർച്ചയിൽ നിർദ്ദേക്കശിക്കപ്പെട്ട വിദഗ്ധസമിതിയുടെ രൂപീകരണം പരിഗണിച്ചു വരുന്നതേയുള്ളൂ.

(എൻ) അന്തർസംസ്ഥാന നദീജലകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം ഈയിടെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണ പരിഷ്കാര സമിതിയുടെ നടപ്പിലാക്കിയ ശുപാർശകൾ

1 (1) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭരണ പരിഷ്കാര സമിതിയുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതുവരെ എന്തു തുക ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly